"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കൊല്ലം തുറമുഖത്തെ ഫെസിലിറ്റേഷൻ സെന്ററിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.228/2026/F&P തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-
1. 28/1/2025 ല സ.ഉ.(സാധാ) 69/2025/മതുവ.
2. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13/1/2026 ലെ HOKMB-TVM/1538//2024 — C3(Devp) നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം തുറമുഖത്തെ ഫെസിലിറ്റേഷൻ സെന്ററിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് "5051-02-200-81 തങ്കശ്ശേരി തുറമുഖ വികസനം" എന്ന ശീർഷകത്തിൽ 17,88,002/- രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം അനുവദിയ്ക്കുകയുണ്ടായി. 2025-26 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭ്യമായ ടി ശീർഷകത്തിൽ ബഡ്ജറ്റ് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ പ്രവർത്തിക്കായി പുതുക്കിയ ഭരണാനുമതി "5051-02-200-86 തുറമുഖ വികസനം എന്ന ശീർഷകത്തിൽ അനുവദിച്ചു നൽകണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "5051-02-200-81 തങ്കശ്ശേരി തുറമുഖ വികസനം" എന്ന ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ കൊല്ലം തുറമുഖത്തെ ഫെസിലിറ്റേഷൻ സെന്ററിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് "5051-02-200-86 തുറമുഖ വികസനം" എന്ന ശീർഷകത്തിൽ 17,88,002/-രൂപയ്ക്കു പുതുക്കിയ ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, I&PRD, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shajish P
Date: 12-03-2026 12:08:26

സെക്ഷൻ ഓഫീസർ